# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 864 04/03/2020-ലെ മറുപടി**

**തീരദേശ മേഖലയിൽ ശുദ്ധജലം ഉറപ്പാക്കുന്നതിനുള്ള മുൻകരുതലുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ മേഖലയിൽ ശുദ്ധജലം ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | തീരദേശ മേഖലയിൽ നിലവിലുള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ മുഖേന കുടിവെള്ള വിതരണം ചെയ്യാനുള്ള സംവിധാനമുണ്ട്. തീരദേശ മേഖലയുൾപ്പെടെ എല്ലാ മേഖലയിലും വേനൽകാലത്ത് ശുദ്ധജലം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സ്രോതസ്സുകളിൽ ലഭ്യമായ ജലം സംരക്ഷിക്കുന്നതിനും , ധാതുലവണത്തിന്റെ കടന്നു കയറ്റം തടയുന്നതിനും താത്കാലിക തടയണ നിർമ്മിക്കൽ, കിണറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, വാൽവുകൾ ക്രമീകരിച്ചും , പമ്പിങ് സമയം ദീർഘിപ്പിച്ചും ജലവിതരണം ഉറപ്പാക്കൽ തുടങ്ങിയവ സാഹചര്യമനുസരിച്ച് ചെയ്തുവരുന്നു. പദ്ധതിയുടെ സ്രോതസ്സുകളിൽആവശ്യത്തിന് ജലമെത്തിക്കാൻ ഇറിഗേഷൻ, KSEB മുതലായ വകുപ്പുമായിയുള്ള എകോപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജല വിതരണം പൈപ്പ് ലൈനിലൂടെ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ടാങ്കർ ലോറികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ലീക്കുകൾ അടിയന്തിരമായി പരിഹരിച്ചും, പമ്പ്, മോട്ടോർ, വാൽവുകൾ എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തിരമായി പരിഹരിച്ചും ശുദ്ധജല വിതരണം ഉറപ്പാക്കുന്നു. |
| ബി) | തീരദേശജനതയ്ക്ക് ഏത് കാലാവസ്ഥയിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് സമഗ്രവും ശാശ്വതവുമായ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | ശുദ്ധജല പദ്ധതികൾ തീരദേശ ജനതയ്ക്ക് വേണ്ടി മാത്രമായി സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി പ്രാദേശികമായി വിഭാവനം ചെയ്യുന്നില്ലെങ്കിലും വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി (സ്റ്റേറ്റ് പ്ലാൻ, KIIFB, അമൃത്) സമഗ്രകുടിവെള്ള പദ്ധതികൾ വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്യുമ്പോൾ തീരദേശ ജനതയ്ക്കും കൂടി പ്രയോജനകരമാകുന്ന രീതിയിലാണ് പദ്ധതി രേഖ ഉണ്ടാക്കുന്നത് . ഇത് കൂടാതെ കേരള സംസ്ഥാന തീരദേശ കോർപറേഷന്റെ ഡെപ്പോസിറ്റ് ഉപയോഗപ്പെടുത്തി തീരദേശ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നുണ്ട് . |

Renuka Sankar
**സെക്ഷൻ ഓഫീസർ**